**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2287** **03-03-2025 - ൽ മറുപടിയ്ക്ക്**

**മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പ് പൊതു സർവീസാക്കിയത് മൂലം മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാർക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനം ഫലപ്രദവും കാര്യക്ഷമവും ആക്കുക എന്ന ലക്ഷ്യത്തോടെയാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമായിട്ടുള്ളത്. വകുപ്പുകളുടെ ഏകീകരണവുമായി ബന്ധപ്പെട്ടുള്ള 17.07.2020 തീയതിയിലെ സ.ഉ (കൈ) നം.106/2020/LSGD നമ്പർ സർക്കാർ ഉത്തരവ് വിഭാവനം ചെയ്യുന്ന തരത്തിൽ ലക്ഷ്യ പൂർത്തീകരണത്തിനായി നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ജീവനക്കാരെ സർക്കാർ ജീവനക്കാരായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇവർക്ക് സ്പാർക്ക് വഴി ശമ്പളം നൽകുന്നതിനും PEN നമ്പർ അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br><br>02.12.2019 ലെ 4904/ലെഗ്.സി1/2019/ലോ നമ്പർ ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി ആക്ട് 1994 ലെ സെക്ഷൻ 222 ഭേദഗതി ചെയ്യുകയും മുനിസിപ്പാലിറ്റിയിലെ കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള മുഴുവൻ ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാർക്ക് ഏകീകൃത ശമ്പളവിതരണ സംവിധാനം ഏർപ്പെടുത്തുന്നതിനായുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രപ്പോസൽ സർക്കാർ പരിശോധനയിലാണ്. |
| (സി) | മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ പി.എഫ്. ജി.പി.എഫ്. ആക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; പി.എഫ്.-ൽ നിന്ന് തിരിച്ചടക്കേണ്ടതില്ലാത്ത വായ്പ എടുക്കുന്നതിന് എത്ര വർഷം സർവീസ് ആവശ്യമാണ്; മറ്റ് സർക്കാർ വകുപ്പുകളിലെ പി.എഫ്. വ്യവസ്ഥകൾക്ക് തുല്യമായ നിബന്ധനകളാണോ ഇവർക്കും ബാധകമെന്ന് പരിശോധിച്ചിട്ടുണ്ടോ; അല്ലെങ്കിൽ സമാനമായ | (സി) | ഇല്ല.<br><br>നിലവിൽ കേരള മുനിസിപ്പൽ പെൻഷനബിൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ചട്ടം (18) പ്രകാരം മുനിസിപ്പൽ കോമൺ സർവീസിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 15 വർഷത്തെ സർവീസ് പൂർത്തിയാകുകയോ അല്ലെങ്കിൽ റിട്ടയർമെന്റ് പ്രായം 10 വർഷത്തിനുള്ളിലോ ഇതിൽ |

| | | | |
|---|---|---|---|
| | വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | | ഏതാണോ ആദ്യം വരുന്നത് ആയത് പരിഗണിച്ചാണ് ജീവനക്കാരന് എൻ.ആർ.എ അനുവദിക്കുന്നത്.<br><br>പരിശോധിച്ചിട്ടുണ്ട്.<br><br>GPF, KPEPF ഉൾപ്പെടെയുള്ള മറ്റ് പി.എഫ് പോലെ തിരിച്ചടക്കേണ്ടതില്ലാത്ത വായ്പ കാലാവധി 10 വർഷമാക്കുന്നതിനുള്ള അനുമതിക്കായി പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതുസർവീസ് രൂപീകരിച്ചത് മൂലം മുനിസിപ്പൽ കോമൺ സർവീസിലുള്ള ജീവനക്കാർക്ക് വേണ്ടത്ര പ്രയോജനം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് മൂലമുള്ള അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ